ഭരണഭാഷ മാതൃഭാഷ

# വാർഷിക ഭരണറിപ്പോർട്ട്

# 2013-14




www.ildm.kerala.gov.in

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്**

പി.ടി.പി.നഗർ, തിരുവനന്തപുരം – 695 038

ഫോൺ : 0471-2365559, 0471-2362885 ഫാക്സ് : 0471-2365559

## ഉള്ളടക്കം

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ....4
2. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വീക്ഷണം....6
3. പരിശീലന പരിപാടികൾ ....8
4. ഔദ്യോഗികഭാഷാ പരിശീലന പരിപാടി....11
5. ദേശീയ ഭൂരേഖ ആധുനികവത്കരണ പരിപാടി....11
6. ദുരന്തനിവാരണവിഭാഗം ....13
7. ജില്ലാതല പരിശീലന പരിപാടികൾ ....13
8. ജനസൗഹൃദവില്ലേജുകൾ - വില്ലേജ് ജീവനക്കാർക്ക് പരിശീലനം....15
9. ജില്ലാതല കമ്പ്യൂട്ടർ പരിശീലനം....18
10. പ്ലാൻ ഫണ്ട്....19

ഉദ്ദേശ്യലക്ഷ്യങ്ങൾ....19

10.1 പ്ലാൻ ഫണ്ട് 2011-12....20

ഡിജിറ്റൽ ആർക്കൈവ്സ് ....20

മഴവെള്ള സംഭരണി....20

10.2 പ്ലാൻ ഫണ്ട് 2012-13 ....20

10.2.1. ജില്ലാതല പരിശീലനപരിപാടി ....21

10.2.2 ജനസൗഹൃദവില്ലേജുകൾ പരിശീലനപരിപാടി ....22

10.2.3. ട്രീ ബാങ്ക് ....22

10.2.4. സോളാർ പവർ ഗ്രിഡ്....23

10.2.5. ബയോഗ്യാസ് ....24

ദേശീയ അന്തർദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള വൈജ്ഞാനിക സഹകരണം ....24

10.2.6. സ്മാർട്ട് ക്ലാസ്റൂം (ചന്ദ്രഗിരി) ....24

10.2.7. അസിസ്റ്റൻസ് ടു സ്റ്റുഡൻസ് പ്രോജക്ട് ....25

10.2.8. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ ....25

ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദുരന്തങ്ങളുടെ ആഘാത ലഘൂകരണത്തിനുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ....25

രാസദുരന്തങ്ങളുടെ ആഘാത ലഘൂകരണത്തിനുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ....26

10.3. പ്ലാൻ ഫണ്ട് 2013-14 ....26

10.3.1. ജില്ലാതല പരിശീലനപരിപാടി ....27

10.3.2. ജനസൗഹൃദവില്ലേജുകൾ പരിശീലനപരിപാടി....27

10.3.3. ജില്ലാതല കമ്പ്യൂട്ടർ പരിശീലനം....27

10.3.4. റവന്യൂ-സർവ്വെ ജീവനക്കാർക്കായുള്ള ഇൻസർവ്വീസ് പരിശീലനം ....28

10.3.5. അസിസ്റ്റൻസ് ടു സ്റ്റുഡൻസ് പ്രോജക്ട് ....29

10.3.6. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ ....29

10.3.7. ലൈബ്രറി നവീകരണം ....29

10.3.8. വനിതാജീവനക്കാർക്ക് മാത്രമായി ജില്ലകളിൽ പരിശീലനം ....29

10.3.9. പ്രസിദ്ധീകരണങ്ങൾ ........ 30
റവന്യൂ ഗൈഡ് ........ 30
റവന്യൂ വാർത്ത ........ 30
10.4 പ്ലാൻ ഫണ്ട് 2014-15 ........ 31
11. പരിസ്ഥിതി സൗഹൃദ കാമ്പസ് ........ 32
11.1 ജലസംരക്ഷണപ്രവർത്തനങ്ങൾ ........ 32
11.2 മാലിന്യ സംസ്കരണം ........ 33
11.3 മഴവെള്ള സംഭരണി - നീർക്കുടം ........ 33
11.4 സോളാർ പവർഗ്രിഡ് ........ 33
12. ഐ. എൽ. ഡി. എം ൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ ........ 34
12.1 റവന്യു ഗൈഡ് ........ 34
12.2 റവന്യു വാർത്ത ........ 35
13. 2013-14 സാമ്പത്തിക വർഷത്തിൽ കൂടിയ യോഗങ്ങൾ ........ 35
14. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസ് ആന്റ് എഡ്യൂക്കേഷൻ ട്രെയിനിംഗ് സൊസൈറ്റി ........ 35
ജീവനക്കാരുടെ എണ്ണം ........ 36
ഐ.എൽ.ഡി.എം-ലെ 2013-14 സാമ്പത്തിക വർഷത്തിലെ വരവ് ചെലവ് കണക്ക് ........ 36
2012-17 പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ........ 36
ഗ്രാന്റ് -ഇൻ-എയ്ഡ് ........ 37
പർച്ചേസ് & മെയിന്റനൻസ് ........ 37
ഐ.എൽ.ഡി.എം ക്യാമ്പസിനുള്ളിലെ റോഡ് നവീകരണം ........ 37
അനുബന്ധം 1 ........ 41
അനുബന്ധം 2 ........ 43
അനുബന്ധം 3 ........ 44
അനുബന്ധം 4 ........ 54

# 1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്



നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ നിരന്തരം ആശ്രയിക്കുന്ന കേന്ദ്രങ്ങളാണ് റവന്യൂആഫീസുകൾ. സ്വാതന്ത്ര്യലബ്ദിക്ക് മുമ്പ് തന്നെ റവന്യൂഭരണം നിലവിൽ ഉണ്ടായിരുന്നു. മിക്ക വകുപ്പുകളുടേയും മാതൃസ്ഥാനം റവന്യൂ വകുപ്പിനുണ്ട്. സർക്കാരിലേയ്ക്ക് ലഭിക്കേണ്ട നികുതി പിരിവ്, സർക്കാർ ഭൂമി സംരക്ഷണം, പ്രകൃതി വിഭവ പരിപാലനം, സെൻസസ്, ഇലക്ഷൻ, പ്രകൃതിക്ഷോഭ ദുരിതാശ്വാസം, വിവിധക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ, ഭൂമി പതിവ്, ഭൂമി വിട്ടൊഴിയൽ തുടങ്ങി ജനജീവിതവുമായി ബന്ധപ്പെട്ട വിപുലമായ വിഷയങ്ങളാണ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നത്. കേരള സംസ്ഥാനത്തിന്റെ വികസനസ്വപ്നങ്ങൾക്ക് അടിസ്ഥാനമാകുന്ന ഭൂമിയുടെ ഏറ്റെടുക്കലും റവന്യൂ വകുപ്പാണ് നടത്തിവരുന്നത്. ആധുനിക കാലഘട്ടത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട ദുരന്ത ആഘാത ലഘൂകരണത്തിന്റെ ചുമതലയും റവന്യു വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ഈ വകുപ്പിൽ നിക്ഷിപ്തമായ സമഗ്രവും വിപുലവുമായ ചുമതലകൾ നിയമങ്ങളുടെ പരിധിയിൽ നിന്നു കൊണ്ട് നിർവ്വഹിക്കുക എന്നതും സുതാര്യവും, കാര്യക്ഷമവുമായ സേവനം സമയബന്ധിതമായി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതും റവന്യൂ വകുപ്പിന്റെ മുഖ്യചുമതലയാണ്. സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സൂക്ഷ്മതലത്തിൽ അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി സാക്ഷ്യപത്രങ്ങൾ നൽകുന്നതും റവന്യൂ ഉദ്യോഗസ്ഥരാണ്.

റവന്യൂവകുപ്പിൽ നിന്നുള്ള സേവനം കാര്യക്ഷമമായും കാലതാമസം കൂടാതെയും പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് ജീവനക്കാർക്ക് സമഗ്രമായ പരിശീലനം നൽകേണ്ടതുണ്ട്. 150ൽ അധികം ആക്ടുകൾ കൈകാര്യം ചെയ്യുന്ന വകുപ്പായതിനാൽ ഇതിന് പ്രത്യേക പ്രധാന്യമുണ്ട്. ജീവനക്കാർക്ക് സമഗ്രമായ പരിശീലനങ്ങൾ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ കീഴിൽ ട്രാവൻകൂർ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമായി 1996-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് സ്ഥാപിതമായി. 2006 സെപ്തംബർ മാസത്തിൽ നടന്ന ഗവേ

ണിംഗ് ബോഡി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്' എന്നാക്കി മാറ്റാൻ തീരുമാനിക്കുകയും 22.01.2007 ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്. നം.24/07/ഡി.എം.ഡി.) പ്രകാരം അത് നടപ്പിൽ വരുത്തുകയും ചെയ്തു. തിരുവനന്തപുരം നഗരത്തിൽ നിന്ന് 8 കിലോമീറ്റർ മാറി പി.റ്റി.പി.നഗറിൽ തിരുമല വില്ലേജ് 95/1, 97 എന്നീ സർവ്വെ നമ്പറുകളിലായി 6.76 ഏക്കർ സ്ഥലത്താണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്നത്.

സർവ്വീസിൽ നേരിട്ട് പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള അടിസ്ഥാന പരിശീലനങ്ങൾക്കു പുറമേ പ്രൊമോഷൻ വഴി വിവിധശ്രേണികളിലെത്തുന്ന ജീവനക്കാർക്കുള്ള തുടർ പരിശീലന പരിപാടികളും ഇവിടെ നടത്തി വരുന്നു.



## ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസംവിധാനം

ബഹു. റവന്യു വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി, ലാന്റ് റവന്യു കമ്മീഷണർ അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി, ആവശ്യമായ സന്ദർഭങ്ങളിൽ ഗവേണിംഗ് ബോഡി രൂപീകരിക്കുന്ന മറ്റ് സബ് കമ്മിറ്റികൾ എന്നീ സമിതികളിലാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം നിക്ഷിപ്തമായിരിക്കുന്നത്. ഗവേണിംഗ് ബോഡി ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യവും എക്സിക്യൂട്ടീവ് കമ്മിറ്റി നാല് പ്രാവശ്യവും കൂടേണ്ടതാണ്.

| ഗവേണിംഗ് ബോഡി | | | |
|---|---|---|---|
| 1. | ചെയർമാൻ | ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ് | |
| 2. | വൈസ് ചെയർമാൻ | ബഹു. ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. എം. സി. മോഹൻദാസ് ഐ എ എസ് | |
| **അംഗങ്ങൾ** | | | |
| 1. | റവന്യൂ വകുപ്പ് സെക്രട്ടറി | 2. | ധനകാര്യ വകുപ്പ് സെക്രട്ടറി |
| 3. | ഡയറക്ടർ, ഐ.എം.ജി | 4. | ഡയറക്ടർ, ഐ.എൽ.ഡി.എം |
| 5. | ജില്ലാ കളക്ടർ, തിരുവനന്തപുരം | 6. | ഡയറക്ടർ, സർവ്വെ |
| 7. | സെക്രട്ടറി, ഉ. ഭ. പ. വകുപ്പ് | 8. | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 9. | ഡയറക്ടർ, പി.ആർ.ഡി | 10. | ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി, ഡി.എം. |
| 11. | എസ്.ഡി.എം.എ പ്രതിനിധി | 12. | പ്രതിനിധി, സെസ്സ് |
| 13. | സെക്രട്ടറി - (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഐ.എൽ.ഡി.എം) | | |

| എക്സിക്യൂട്ടിവ് കമ്മറ്റി | | | |
|---|---|---|---|
| 1. | ചെയർമാൻ | ബഹു. ലാന്റ് റവന്യൂ കമ്മീഷണർ | |
| **അംഗങ്ങൾ** | | | |
| 1. | സെക്രട്ടറി, ധനകാര്യ വകുപ്പ് | 2. | ഡയറക്ടർ, സർവ്വെ |
| 3. | ഡയറക്ടർ, ഐ.എൽ.ഡി.എം | 4. | ജില്ലാ കളക്ടർ, തിരുവനന്തപുരം |
| 5. | സെക്രട്ടറി (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,ഐ.എൽ.ഡി.എം) | | |

## 2. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വീക്ഷണം

പൊതു സമൂഹത്തിന് സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ റവന്യൂ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ യഥാസമയം ഉറപ്പുവരുത്തുന്നതിന് റവന്യൂ-സർവ്വെ ജീവനക്കാരെ പരിശീലനത്തിലൂടെ പ്രാപ്തമാക്കുക, വകുപ്പിന്റെ ഗുണകരമായ മാറ്റങ്ങൾക്ക് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നിവ മുഖ്യ ചുമതലകളാണ്. ദുരന്ത നിവാരണ മേഖലയിൽ ഒരു നോഡൽ ഏജൻസിയായും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് ദേശീയ നിലവാരത്തിൽ അറിവിന്റെയും മികവിന്റെയും കേന്ദ്രമായും പ്രവർത്തിക്കുക എന്നതും മുഖ്യലക്ഷ്യമാണ്. റവന്യൂ - സർവ്വെ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ധാരാളം വിഷയങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകിവരുന്നു. ഒപ്പം കമ്പ്യൂട്ടർ, ദുരന്ത ലഘൂകരണം, എൻ.എൽ.ആർ.എം.പി (ദേശീയ ഭൂരേഖ ആധുനികവത്കരണ പരിപാടി), റവന്യൂ ജീവനക്കാർക്കായുള്ള ജില്ലാതല പരിശീലനം തുടങ്ങിയ മേഖലകളിലും പരിശീലനം നൽകി വരുന്നു. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർക്ക് പുറമെ മറ്റ് നിരവധി വകുപ്പുകളിലുള്ളവർക്കും വിദ്യാർത്ഥികൾക്കും സമൂഹത്തിലെ മറ്റ് നിരവധി വിഭാഗങ്ങൾക്കും പരിശീലനംനൽകുന്നു

ണ്ട്. ദുരന്ത നിവാരണത്തിലുൾപ്പെടെ ഒരു വർഷം പതിനയ്യായിരത്തോളം ജീവനക്കാർക്കും മറ്റു എൻ ജി ഒ കൾക്കും ഐ എൽ ഡി എമ്മിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി വരുന്നു.



## ഉദ്ദേശ്യലക്ഷ്യങ്ങൾ

- സംസ്ഥാന റവന്യു - സർവ്വെ വകുപ്പുകളിലെ ജീവനക്കാർക്ക് അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ വിദഗ്ദ പരിശീലനം നൽകുക.
- ഭരണ നിർവഹണ രംഗത്ത് ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- റവന്യു- സർവ്വെ വകുപ്പുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- ആധുനിക സർവ്വെ വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക
- ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിനും ഉദ്യോഗസ്ഥർക്കും അവബോധവും പരിശീലനവും നൽകുക.

## 3. പരിശീലന പരിപാടികൾ



കേരളത്തിൽ ഭൂമി സംബന്ധമായ വിഷയങ്ങളും പൊതു ജനങ്ങളുടെ ദൈനംദി ന ജീവിതവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും കൈ കാര്യം ചെയ്യുന്ന ബൃഹത്തായ വകുപ്പാണ് കേരള ലാന്റ് റവന്യൂ വകുപ്പ്. പൊതുജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട 200 ഓളം നിയമങ്ങളും ചട്ടങ്ങളും കൈകാര്യം ചെയ്യുന്നതു കൊണ്ടുതന്നെ ഈ ജീവനക്കാർക്ക് മേൽവിഷയങ്ങളിൽ സമഗ്രമായ പരിശീലനം അത്യാവശ്യമാണ്.

നിലവിലുള്ള ഭൂനിയമങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയുടെ സംരക്ഷണം, പൊതുജനങ്ങളുടെ ഭൂമി സംരക്ഷണം, സർക്കാരിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളിലേക്ക് അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സാക്ഷ്യപത്രങ്ങൾ എന്നിവ നൽകേണ്ടതും റവന്യൂ ജീവനക്കാരാണ്. സുതാര്യവും കാര്യക്ഷമവുമായ സേവനം പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് റവന്യൂ ജീവനക്കാർക്ക് സമയബന്ധിതമായി പരിശീലനം നൽകേണ്ടതുണ്ട്.

റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ക്ലാർക്ക്, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിൽ നേരിട്ടും സീനിയർ ക്ലാർക്ക്, വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ, തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിലേയ്ക്ക് പ്രമോഷൻ വഴിയും ധാരാളം പേർ സർവ്വീസിൽ പ്രവേശിക്കുന്നുണ്ട്.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുതന്നെ സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സും പ്രവർത്തിക്കുന്നു. ഭൂമിയുടെ ലഭ്യത കുറവും വിലയും കേരളത്തിന്റെ ഭൂമിശാസ്ത്രവും കണക്കിലെടുത്ത് സർവ്വെ ജീവനക്കാർക്ക് ആധുനിക സർവ്വെ ഉപകരണങ്ങളിലും സർവ്വെ നിയമങ്ങളിലും ലോകമാകെ അവലംബിച്ചു പോരുന്ന ആധുനിക രീതിയിലുള്ള അറിവ് ഉണ്ടാക്കേണ്ടതും വളരെ അത്യാവശ്യമാണ്. ആധുനിക കാലഘട്ടത്തിൽ വളരെയധികം പ്രാധാന്യംലഭിച്ചുകൊണ്ടിരിക്കുന്ന ദുരന്തമാനേജ്മെന്റ് വിഭാഗവും ഇന്ന് റവന്യൂ വകുപ്പിന്റെ ഭാഗമായാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്

ഐ.എൽ.ഡി.എം ഇപ്പോൾ വിവിധ തലത്തിലുള്ള റവന്യു/സർവ്വെ ഉദ്യോഗസ്ഥർക്കായി താഴെപറയുന്ന പരിശീലന പരിപാടികൾ നടത്തിവരുന്നു.

1. സർവ്വീസിൽ പ്രവേശിക്കുന്ന എൽഡിസി/വിഎമാർക്ക് നൽകുന്ന 10 ദിവസത്തെ പരിശീലനം
2. റവന്യൂ വകുപ്പ് ജീവനക്കാർക്കുള്ള വിവിധ കമ്പ്യൂട്ടർ പരിശീലന പരിപാടികൾ
3. നിയുക്ത വില്ലേജാഫീസർമാർക്കുള്ള 11 ദിവസത്തെ പരിശീലനം
4. നിയുക്ത ഡെപ്യൂട്ടി തഹസിൽദാർമാർക്കുള്ള 6 ദിവസത്തെ പരിശീലനം
5. നിയുക്ത തഹസീൽദാർമാർക്കുള്ള 10 ദിവസത്തെ പരിശീലനം
6. നിയുക്ത ഡെപ്യൂട്ടി കളക്ടർമാർക്കുള്ള 6 ദിവസത്തെ പരിശീലനം
7. ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ തുടങ്ങിയവർക്ക് വേണ്ടി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച പരിശീലനം
8. സർവ്വേ ജീവനക്കാർക്ക് ജീവനക്കാര്യങ്ങളിലും, സർക്കാരിനുവേണ്ടി കോടതിക്കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിലും പ്രത്യേക പരിശീലനം
9. ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പറ്റി റവന്യു ജീവനക്കാരെ ബോധവത്ക്കരിക്കുന്നതിനായി പ്രത്യേക പരിശീലനം
10. റവന്യു ഉദ്യോഗസ്ഥർക്കായി റവന്യു റിക്കവറി സംബന്ധിച്ചുള്ള പരിശീലനം
11. റവന്യു ഉദ്യോഗസ്ഥർക്കായി യുണികോഡ് മലയാളം ഓപ്പൺ ഓഫീസ് ആട്ടോമേഷൻ പരിശീലനം
12. റവന്യൂ വിഷയങ്ങളിൽ ഇൻസർവ്വീസ് വർക്ക്ഷോപ്പ്
13. പരിശീലകർക്കായുള്ള പ്രത്യേക പരിശീലന പരിപാടി
14. ലാന്റ് ഗവേണൻസ് വിഷയങ്ങളിൽ റവന്യു ഉദ്യോഗസ്ഥർക്കായി പ്രത്യേക പരിശീലനം

വിവിധങ്ങളായ വിഷയങ്ങൾ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതിനാൽ റവന്യൂ ഉദ്യോഗസ്ഥരെ പരിശീലനത്തിലൂടെ സജ്ജമാക്കുന്നതിനായി വിവിധ വിഷയങ്ങളിൽ സമഗ്രമായ പരിശീലന പരിപാടികൾ നടപ്പിലാക്കി



വരുന്നു. ഈ വർഷം നടത്തിയ പരിശീലനപരിപാടികളുടെ വിശദാംശങ്ങൾ പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

| Year | 2008-2009 | 2009-2010 | 2010-2011 | 2011-2012 | 2012 -2013 | 2013 -2014 |
|---|---|---|---|---|---|---|
| Batch | 96 | 70 | 70 | 82 | 120 | 148 |
| Total Trainees | 1819 | 1182 | 1031 | 1412 | 5668 | 5920 |

2013-14 മുതൽ ഐ.എൽ.ഡി.എം കേന്ദ്രത്തിലെ പരിശീലനങ്ങൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്. 2013-14 ൽ 15 ലക്ഷം രൂപയാണ് ഐ. എൽ.ഡി. എം പരിശീലനങ്ങൾക്കായി അനുവദിച്ചിരുന്നത്. ഇതിൽ 1400355/- രൂപ ചെലവായിട്ടുണ്ട്. 2014-15ലെ പരിശീലനകലണ്ടർ അനുബന്ധം 1 ആയിചേർത്തിട്ടുണ്ട്.

**പട്ടിക - 1**

| നം | പരിശീലനം | എണ്ണം | പങ്കെടുത്തവർ | ആകെ ചെലവ് |
|---|---|---|---|---|
| 1. | ഓപ്പൺ ഓഫീസ് ഓട്ടോമേഷൻ & യൂണി കോഡ് മലയാളം | 24 | 376 | 242601 |
| 2. | നിയുക്ത വില്ലേജ് ഓഫീസർമാർക്കുള്ള പരിശീലനം | 5 | 121 | 197459 |
| 3. | സർവ്വെ ജീവനക്കാർക്കായുള്ള-ജീവനകാര്യം, കോടതി വിഷയം-എന്നിവയിൽ പരിശീലനം | 5 | 149 | 115093 |
| 4. | തഹസിൽദാർമാർക്കുള്ള റിഫ്രഷർ പരിശീലനം. | 2 | 36 | 35063 |
| 5. | ഇൻഡക്ഷൻ പരിശീലനം-പുതിയതായി സർവ്വീസിലെത്തുന്ന ജൂനിയർ ക്ലാർക്ക്മാർക്കായുള്ള പരിശീലനം | 7 | 136 | 263833 |
| 6. | ജൂനിയർ/സീനിയർ ക്ലാർക്ക്മാർക്കായുള്ള റിഫ്രഷർ പരിശീലനം | 6 | 138 | 122823 |
| 7. | വില്ലേജ് ഓഫീസർക്കായുള്ള റിഫ്രഷർ പരിശീലനം | 6 | 120 | 112430 |
| 8. | നിയുക്ത ഡെപ്യൂട്ടി തഹസിൽദാർമാക്കായുള്ള പരിശീലനം | 1 | 12 | 17975 |
| 9. | ഡെപ്യൂട്ടി തഹസിൽദാർമാർക്കായുള്ള റിഫ്രഷർ പരിശീലനം | 2 | 41 | 46195 |
| 10. | നിയുക്ത തഹസിൽദാർമാർക്കായുള്ള പരിശീലനം | 1 | 22 | 41400 |
| 11. | ഭൂപരിഷ്ക്കരണ നിയമം-പ്രത്യേക പരിശീലനം | 1 | 27 | 8300 |
| 12. | റവന്യൂ വിഷയങ്ങളിൽ (സെക്രട്ടറിയേറ്റ് സ്റ്റാഫ്) പരിശീലകർക്കായുള്ള വർക്ക്ഷോപ്പ് | 1 | 32 | 16035 |
| | സ്റ്റേഷനറി | | | 181148 |
| | **ആകെ** | **61** | **1210** | **1400355** |

## 4. ഔദ്യോഗികഭാഷാ പരിശീലന പരിപാടി

ഭരണഭാഷ വർഷാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിശ്ചിത പാഠ്യപദ്ധതി പ്രകാരം രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഔദ്യോഗിക ഭാഷാപരിശീലന പരിപാടിക്ക് വിവിധ ഇനങ്ങളിലായി ഒരു ദിവസത്തേക്ക് ₹ 20000/- നിരക്കിൽ ഒരു ബാച്ചിന് ₹ 40000/- ആകെ വകയിരുത്തിയിരുന്നത്.

ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയിൽ ആദ്യഘട്ടമായി 25 പരിശീലനങ്ങളാണ് നടത്തിയത്. ഓരോ പരിശീലനത്തിനും ചെലവായ തുക സംബന്ധിച്ച വിശദമായ പട്ടിക ചുവടെ ചേർക്കുന്നു. ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയിൽ 25 ബാച്ചുകളിലായി ആദ്യഘട്ടമായി 1000 പേർക്ക് പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിച്ചത്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ആകെ 828 ജീവനക്കാർ ഔദ്യോഗികഭാഷാ പരിശീലനം വിജയകരമായി പൂർത്തിയാക്കി. ഇതിൽ 44% വനിതാ ജീവനക്കാരുടെ പങ്കാളിത്തവും ഉണ്ടായിരുന്നു.

ഓരോ ബാച്ചിന്റെയും പരിശീലന പരിപാടിയുടെ അവസാനം നടത്തിയ അവലോകനത്തിലും വിലയിരുത്തലിൽ ഔദ്യോഗികഭാഷാ പരിശീലനപരിപാടി വളരെയേറെ പ്രയോജനപ്രദമായിരുന്നുവെന്ന് പരിശീലനാർത്ഥികൾ അഭിപ്രായപ്പെട്ടു.



## 5. ദേശീയ ഭൂരേഖ ആധുനികവത്കരണ പരിപാടി

ലോകമാകെ ശാസ്ത്രസാങ്കേതിക മേഖലയിൽ വൻവിസ്ഫോടനമാണ് നടന്നു കൊണ്ടിരിക്കുന്നത്. ഇത് സമൂഹത്തിന്റെ എല്ലാ മേഖലയിലും വലിയ സ്വാധീനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെവിടെയും ഭരണ രംഗം ഈ മാറ്റം ഉൾകൊള്ളേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. കൂടുതൽ വേഗത്തിൽ കൂടുതൽ കൃത്യതയോടെ പൊതു സമൂഹത്തിന് സേവനം ലഭ്യമാക്കുവാൻ സിവിൽ സർവ്വീസ് ബാദ്ധ്യതപ്പെട്ടിരിക്കുന്നു. എല്ലാ മേഖലയിലും ഉണ്ടായികൊണ്ടിരിക്കുന്ന ഈ മാറ്റം ഭൂരേഖകൾ

കൈകാര്യം ചെയ്യുന്നതിലും സംരക്ഷിക്കുന്നതിലും ഉണ്ടാകണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഭൂരേഖകൾ കൈകാര്യം ചെയ്യുന്ന രീതിയിലും സംരക്ഷിക്കുന്ന രീതിയിലും ഏകീകൃതമായ സ്വഭാവം കൈവരിക്കുന്നത് ലക്ഷ്യമാക്കിയാണ് ദേശീയ ഭൂരേഖ ആധുനിക വത്കരണപരിപാടി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്.

ഗിച്ച് വളരെ വേഗത്തിലും കൃത്യമായും സർവ്വെ ചെയ്ത് അവ ഡിജിറ്റൽ റെക്കാർഡുകളായി സൂക്ഷിക്കുന്നതിനും ഈ പരിശീലനം സാദ്ധ്യമാക്കുന്നു.

പ്രായോഗിക പരിശീലനം സാദ്ധ്യമാക്കുന്നതിലേയ്ക്ക് സർവ്വെ ഉപകരണങ്ങളും ലാബും സജ്ജീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സാമ്പത്തിക വർഷത്തിൽ ഐ.എൽ.



ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനായി ആധുനിക സർവ്വെ രീതികളും ആധുനിക സർവ്വെ ഉപകരണങ്ങളും സോഫ്റ്റ്വെയറുകളും സംബന്ധിച്ച വരിശീലനം 2011 മുതൽ ഐ.എൽ.ഡി.എം - ൽ നൽകി വരുന്നു. ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടത്തി ഭൂരേഖ തയ്യാറാക്കുന്നതിലും അവയെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുമാണ് പരിശീലനം. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ് എന്നിവ ഉപയോ

ഡി.എം-ൽ വച്ച് എൻ.എൽ.ആർ.എം.പിയുടെ 18 പരിശീലനപരിപാടികളും ആലുവ കേന്ദ്രത്തിൽ വച്ച് 16പരിശീലനപരിപാടികളും നടത്തിയിട്ടുണ്ട്. റവന്യൂ സർവ്വെ വിഭാഗങ്ങളിലായി ആകെ 699 പേർ (റവന്യൂ 413, സർവ്വെ 286) പ്രസ്തുത പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ₹1655768/- ആയതിലേക്ക് ചെലവായിട്ടുണ്ട്. 2014-15ലെ പരിശീലന കലണ്ടർ അനുബന്ധം 2 ആയിചേർത്തിട്ടുണ്ട്.

## 6. ദുരന്തനിവാരണവിഭാഗം

### കഴിഞ്ഞ വർഷത്തെ പരിശീലനം സംബന്ധിച്ച വിവരങ്ങൾ

കേരളത്തിൽ ദുരന്ത ആഘാത ലഘൂകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നതും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും റവന്യൂ വകുപ്പാണ്. അതുകൊണ്ടുതന്നെ റവന്യൂ ജീവനക്കാർക്ക് റവന്യൂ വിഷയങ്ങൾക്കു പുറമേ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട മേഖലകളിൽ സമഗ്രമായ പരിശീലനം നല്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുകയാണ്.

ഐ.എൽ.ഡി.എം-ൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ഡി.എം വിഭാഗം, അടിയന്തിരഘട്ട കാര്യനിർവഹണ വിഭാഗം (എസ്.ഇ.ഒ.സി) തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. ദുരന്തനിവാരണ സെന്ററിൽ, റവന്യൂവകുപ്പിലെ ജീവനക്കാർക്കു പുറമേ വിവിധ വകുപ്പിലെ ജീവനക്കാർ, എൻ.ജി.ഒ, കുടുംബശ്രീ, പോലീസ്, എഞ്ചിനീയർമാർ, ഡോക്ടർമാർ, യുവജനങ്ങൾ എന്നിവർക്ക് കേരളത്തിലുണ്ടാകുന്ന ദുരന്തങ്ങളുടെ ആഘാത ലഘൂകരണം, ദുരന്തങ്ങളുണ്ടാകുന്നതിനു മുമ്പുള്ള മുന്നൊരുക്കം എന്നീ മേഖലകളിൽ സമഗ്രമായും പരിശീലനം നല്കിവരുന്നു. കൂടാതെ, വിവിധ ജില്ലകളിൽ സംഭവിക്കുന്ന ഭൂകമ്പം, രാസദുരന്തങ്ങൾ, ഇടിമിന്നൽ, ഉരുൾ പൊട്ടൽ തുടങ്ങിയ ദുരന്തങ്ങളുടെ പഠനറിപ്പോർട്ടുകൾ, ജില്ലാ ദുരന്ത നിവാരണ പ്ലാനുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ, ദുരന്ത ലഘൂകരണ രംഗത്തെ പ്രഥമ സംരംഭമായ ദുരന്ത നിവാരണ സമഗ്ര ഇൻഷുറൻസ് പോളിസി എന്നിവയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, 2013-14-ൽ ദുരന്തനിവാരണത്തിൽ 12-ൽപ്പരം ലഘുലേഖകളും സെമിനാർ പ്രബന്ധങ്ങളും, പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി 10-ഓളം റേഡിയോ-ടെലിവിഷൻ പരിപാടികളും നടത്തിയിട്ടുണ്ട്. ശബരമലയിലെ അടിയന്തിര വാർത്താവിനിമയം, തിക്കും തിരക്കും ഒഴിവാക്കാനുള്ള പദ്ധതി എന്നിവയും ദുരന്ത നിവാരണ സെന്ററിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. 2013-14 ലെ പ്രവർത്തന റിപ്പോർട്ടും 2014-15 ലെ പരിശീലനകലണ്ടറും അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

## 7. ജില്ലാതല പരിശീലന പരിപാടികൾ

റവന്യൂ-സർവ്വെ വകുപ്പുമായി ബന്ധപ്പെട്ട് 26 വിഷയങ്ങളിലായി 1850ഓളം ജീവനക്കാർക്കാണ് ഐ.എൽ.ഡി.എം-ൽ ഒരു വർഷം പരിശീലനം നൽകാൻ കഴിയുന്നത്. എന്നാൽ ഈ രണ്ടു വകുപ്പുകളിലുമായി 22,000 ത്തോളം ജീവനക്കാരാനു

ള്ളത്. പ്രതിവർഷം പുതുതായി സർവ്വീസിൽ പ്രവേശിക്കുകയും പ്രമോഷൻ വഴി പുതിയ തസ്തികയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് സമയബന്ധിതമായി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാൻ നിലവിലെ സംവിധാനത്തിൽ പരിമിതികൾ ഉണ്ടായിരുന്നു. ഐ.എൽ.ഡി.എം തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് തന്നെ വടക്കൻ ജില്ലകളിൽ നിന്നുള്ള ജീവനക്കാരുടെ, പ്രത്യേകിച്ച് വനിതാ ജീവനക്കാരുടെ, പങ്കാളിത്തം കുറയുന്നതായി കാണുന്നു. പലപ്പോഴും നിശ്ചിത ജീവനക്കാരിൽ പകുതിയിൽ താഴെ ജീവനക്കാർ മാത്രമേ പരിശീലനത്തിനെത്താറുള്ളൂ.

ഈ സാഹചര്യത്തിൽ, ഐ.എൽ.ഡി.എം-ന്റെ മുഖ്യകേന്ദ്രത്തിൽ മാത്രം നടത്തി വന്നിരുന്ന പരിശീലന പരിപാടികൾ വികേന്ദ്രീകരിക്കാൻ തീരുമാനിക്കുകയും 2012-13 മുതൽ എല്ലാ ജില്ലാകേന്ദ്രങ്ങളിലും വച്ച് പരിശീലന പരിപാടികൾ ആരംഭിച്ചിക്കുകയും ചെയ്തു. ഐ.എൽ.ഡി.എം-ൽ ഒരു വർഷം ശരാശരി 80-90 റവന്യൂ പരിശീലന പരിപാടികളാണ് നടത്തി വന്നിരുന്നത്. ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചതോടു കൂടി ഒരു ജില്ലയിൽ എറ്റവും കുറഞ്ഞത് 10 ക്ലാസ് എന്ന രീതിയിൽ പ്രതിവർഷം 140 ബാച്ചുകൾ അധികമായി നടത്താൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇതിലൂടെ പ്രതിവർഷം 7000 ജീവനക്കാർക്ക് പരിശീലനം നൽകാൻ കഴിയുന്നുണ്ട്. വിവിധ ജില്ലകളിലെ ജീവനക്കാർക്ക് തിരുവനന്തപുരത്തേക്കു വരുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനും *ജീവനക്കാർ പരിശീലനത്തിനായി എന്നതു മാറി പരിശീലനം ജീവനക്കാരിലേയ്ക്ക്* എന്ന ആശയം നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്.പ്രതിവർഷം ശരാശരി 2000 ജീവനക്കാർക്ക് നൽകിയിരുന്ന പരിശീലനം ഇപ്പോൾ 9000 ജീവനക്കാർക്ക് നൽകാൻ കഴിയുന്നുണ്ട്.ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി ഐ.എൽ.ഡി.എം-ന്റെ ജില്ലാതല പരിശീലന കോ-ഓർഡിനേറ്ററായി ഒരാൾക്ക് ചുമതല നൽകിയിട്ടുണ്ട്. എച്ച്.എസ്, എ.ഡി.എം എന്നിവരാണ് ജില്ലാതലത്തിൽ പരിശീലനത്തിന് മേൽനോട്ടം വഹിക്കുന്നത്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മനോഭാവത്തെ കേന്ദ്രീകരിച്ചുള്ള പരിശീലനവും ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. പൊതുസമൂഹം നിരന്തരം ബന്ധപ്പെടുന്ന വില്ലേജ് ഓഫീസിലെ ജീവനക്കാരിൽ നിന്നും സൗഹാർദ്ദപരമായ പെരുമാറ്റം ജനങ്ങൾക്ക് ലഭിക്കുന്നതിനായി ജീവനക്കാരുടെ മനോഭാവത്തെ കേന്ദ്രീകരിച്ചുള്ള പരിശീലനം നൽകുന്ന ജനസൗഹൃദവില്ലേജുകൾ എന്ന പരിശീലനവും ജില്ലാകേന്ദ്രങ്ങളിൽ നൽകി വരുന്നു.ജില്ലകളിൽ ഫാക്കൽറ്റിമാരുടെ ലഭ്യത കുറവുണ്ടായതിനാൽ ഇപ്പോൾ ഐ.എൽ.ഡി.എം-ൽ നിന്ന് നേരിട്ടാണ് ഈ വിഷയത്തിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

## 8. ജനസൗഹൃദവില്ലേജുകൾ - വില്ലേജ് ജീവനക്കാർക്ക് പരിശീലനം



നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ നിരന്തരം ആശ്രയിക്കുന്ന കേന്ദ്രങ്ങളാണ് റവന്യു ഓഫീസുകൾ. പ്രത്യേകിച്ച് വില്ലേജ് ഓഫീസുകൾ. സർക്കാരിന് ലഭിക്കേണ്ട നികുതി പിരിച്ചെടുക്കുക, സർക്കാർ ഭൂമിയും മറ്റ് വിഭവങ്ങളും സംരക്ഷിക്കുക ഭൂമിയെ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുക എന്നീ പ്രാഥമിക കടമകൾ നിർവഹിക്കുന്ന തിനോടൊപ്പം വിവിധ ജനകീയ ക്ഷേമ പ്രവർത്തനങ്ങളുടെ ഒരു മുഖ്യ കണ്ണിയായും ഇന്ന് വില്ലേജ് ഓഫീസുകൾ മാറിയിട്ടുണ്ട്. വിവിധ ക്ഷേമപദ്ധതി കളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കുന്നതിനായി ജാതി, വരുമാനം, ബന്ധം, തുടങ്ങി 20 ഓളം സൂക്ഷമതല സാക്ഷ്യപത്രങ്ങൾ അന്വേഷിച്ച് നൽകേണ്ട തും വില്ലേജ് ജീവനക്കാരനാണ്. കേരളത്തിൽ ദുരന്തആഘാതലഘൂകരണ പ്രവർത്തനങ്ങൾ റവന്യു വകുപ്പിന്റെ കീഴിലായതിനാൽ താഴെ തലത്തിൽ ഇത് ഏകോപിപ്പിക്കുന്നതിന്റെ ചുമതലയും വില്ലേജ് ഓഫീസുകൾക്ക് വഹിക്കേണ്ട തുണ്ട്. ചുരുക്കത്തിൽ ജനങ്ങളുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ പ്രവർത്തന ങ്ങൾ നടത്തേണ്ട അധികാരകേന്ദ്രമാണ് വില്ലേജ് ഓഫീസുകൾ. വിപുലമായ അധികാരങ്ങൾ കൈകാര്യം ചെയ്യുന്നതുകൊണ്ട് തന്നെ എത്രമാത്രം ഗുണപ്രദമായി അധികാരം ഉപയോഗി ക്കാൻ കഴിയുന്നുവോ അത്രമാത്രം ദേഷകരമായും അത് പ്രയോഗിക്കാനുള്ള സാധ്യതയും ഉണ്ട്. പ്രാചീന ഗോത്ര ഭരണവ്യവസ്ഥയിൽ നിന്നും കൊളോണി യൽ കാലങ്ങളിലൂടെ ആധുനിക വികസിത ജനാധിപത്യ സമൂഹത്തി ലേക്കുള്ള പ്രയാണത്തിനിടയിൽ ഭരണം എന്ന പദത്തിന്റെ അർത്ഥത്തിനും ആശയത്തിനും ധാരാളം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഭരണ കൂടത്തിന്റെ ആശയങ്ങൾ ജന സാമാന്യത്തിന്റെ മുകളിൽ അടിച്ചേൽ പ്പിക്കുന്ന മർദ്ദനോപാധി എന്ന നിലയിൽ നിന്ന് ജനങ്ങളുടെ അവകാശ ങ്ങൾ സംരക്ഷിക്കുന്ന സംവിധാനമായി ഭരണം മാറുകയാണുണ്ടായത് അന്താരാഷ്ട്ര തലത്തിൽ ഭരണം എന്ന ആശയവുമായി ബന്ധപ്പെട്ട് നിരവധി സംഞ്ജകൾ സമീപകാലത്തു രൂപപ്പെട്ടിട്ടുണ്ട് സൽ ഭരണം (Good Governance) പങ്കാളിത്തം (Participation) ഉത്തരവാദിത്തം (Accountability) തുല്യത (Equality) നിയമപാലനം (Rule of Law) സുതാര്യത

(Transparency) കാര്യക്ഷമത (Efficiency) എന്നിവ സത്ഭരണത്തിന് അത്യാവശ്യം വേണ്ട ഘടകങ്ങളാണെന്ന പൊതു ബോധം അന്താരാഷ്ട്രതലത്തിൽ തന്നെ ഇന്ന് രൂപപ്പെട്ടു വന്നിട്ടുണ്ട് മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതും മനുഷ്യാവകാശങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നതുമായ ഒരു ഭരണ സംവിധാനമാണിത്. ഭരണം എന്ന പദത്തിന് ആശയതലത്തിലും അർത്ഥ തലത്തിലുമുണ്ടായ ഈ വലിയ മാറ്റത്തിന് (Paradigm Shift) അനുസൃതമായി ഓഫീസുകളുടെ കാര്യക്ഷമത ഉയർത്തേണ്ടതായുണ്ട്. ഓഫീസിന്റെ കാര്യക്ഷമത പ്രധാനമായും മൂന്ന് ഘടക ങ്ങളെ ആശ്രയിച്ചിരിക്കുന്നു.



1.)മികച്ച പശ്ചാത്തലസൗകര്യങ്ങൾ

2.) നിയമങ്ങളിലെയും ചട്ടങ്ങളിലെയും സങ്കീർണത ഒഴിവാക്കാൽ,

3.) ഉദ്യോഗസ്ഥരുടെ തൊഴിൽ വൈദഗ്ദ്യം (Professional Excellency).ആയതിനാൽ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ മൂന്ന് മേഖലയിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ചുരുക്കത്തിൽ ഒരു ബഹുമുഖ തന്ത്രമാണ് ഇതിനായി സ്വീകരിക്കേണ്ടത്.

കഴിഞ്ഞ രണ്ട് മൂന്നു ദശകങ്ങൾ പരിശോധിച്ചാൽ ഈ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരുകൾ ശ്രമിച്ചിട്ടുള്ളതായി കാണാൻകഴിയും. കമ്പ്യൂട്ടർ, ഇൻറർനെറ്റ് തുടങ്ങിയ ധാരാളം ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ പുതിയ തസ്തികകൾ കൊണ്ടുവരാനും സർക്കാരുകൾ ശ്രമിക്കുന്നുണ്ട്. എന്നാൽ മനുഷ്യജീവിതത്തോടൊപ്പം അവന്റെ ആവശ്യങ്ങളും കൂടുതൽ സങ്കീർണ്ണമായി ക്കൊണ്ടിരിക്കുന്നു. അതിന് അനുപൂരകമായി സൗകര്യങ്ങൾ ഒരുക്കാൻ പലപ്പോഴും കഴിയുന്നില്ല. രാജ്യത്തിന്റെ പരിമിതമായ വിഭവശേഷിയാണിതിന് തടസ്സമായി നിൽക്കുന്നത്. നിയമങ്ങളിലും ചട്ടങ്ങളിലും നിലനിൽക്കുന്ന സങ്കീർണത ഒഴിവാക്കാൻ നിരവധി ശ്രമങ്ങൾ നടന്നു വരുന്നത് നമുക്ക് ദർശിക്കാൻ കഴിയും കഴിഞ്ഞ രണ്ട് മൂന്ന് ദശകങ്ങളിലെ ഓഫീസ് സംവിധാനത്തിൽ വന്ന മാറ്റങ്ങൾ പരിശോധിച്ചാൽ ഇത് ദർശിക്കാൻ കഴിയും. മൂന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഘടകം ഉദ്യോഗസ്ഥരുടെ തൊഴിൽ വൈദഗ്ധ്യമാണ്. തൊഴിൽ വൈദഗ്ധ്യമില്ലാത്ത ഉദ്യോഗസ്ഥനാണെങ്കിൽ എത്ര തന്നെ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടായാലും ഓഫീസിന്റെ കാര്യക്ഷമത മെച്ചപ്പെടാൻ സാധ്യതയില്ല. അതിന് നിരവധി ഉദാഹരണങ്ങൾ നമുക്കിടയിൽ കാണാൻ കഴിയും. നിയമങ്ങളിൽ സുതാര്യത ഉറപ്പു വരുത്തിയാലും അതിനെ ശരിയായി മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുന്നതി ലൂടെയും തെറ്റായി വ്യാഖ്യാനിക്കുന്നതി ലൂടെയും ഈ ഘടകവും

പ്രയോജനരഹിതമാകാൻ ഉദ്യോഗസ്ഥന്റെ നെഗറ്റീവ് മനോഭാവം കാരണമാകുന്നു. അഴിമതിയുടെ സാഹചര്യവും ഉദ്യോഗസ്ഥരുടെ മനോഭാവത്തിന്റെ ബാക്കി പത്രമാണ്. കൈകാര്യം ചെയ്യുന്ന വിഷയത്തിലും അനുബന്ധ വിഷയങ്ങളിലുമുള്ള അറിവ് (Knowledge) ജോലി ചെയ്യാനും ഓഫീസിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാനുമുള്ള മനോഭാവം (Attitude) നേടിയ അറിവ് പ്രയോഗത്തിൽ കൊണ്ടു വരാനുള്ള സാമർത്ഥ്യം (Skill) എന്നിവ തൊഴിൽ വൈദഗ്ധ്യത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്.

പശ്ചാത്തല സൗകര്യങ്ങളുടെയും മറ്റും പരിമിതികൾ ഉണ്ടെങ്കിലും നിന്നും തൊഴിൽ വൈദഗ്ധ്യം (Professional Excellence) കൊണ്ട് ആ പരിമിതികളെ മറികടന്ന മികച്ച കാര്യക്ഷമതയോടു കൂടി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകളും ജീവനക്കാരും നമുക്കുണ്ട്. വളരെ മോശമായ പൊതുജനാഭിപ്രായം നിലനിൽക്കുന്ന ഒരു വില്ലേജ് ഓഫീസിൽ പുതുതായി തൊഴിൽ വൈദഗ്ധ്യമുള്ള ഒരു വില്ലേജ് ഓഫീസറും അതേ മനോഭാവമുള്ള വില്ലേജ് ജീവനക്കാരും വരുന്നതോടുകൂടി മികച്ച പൊതുജനാഭിപ്രായം രൂപപ്പെടുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്കിടയിൽ കാണാൻ കഴിയും. മികച്ച തൊഴിൽ വൈദഗ്ധ്യമുള്ള ഓഫീസറും സഹപ്രവർത്തകരും വരുന്നതോടു കൂടി ഓഫീസിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങളും നമുക്കിടയിൽ കാണാൻ കഴിയും. ഉദ്യോഗസ്ഥരിൽ അന്തർലീന മായിരിക്കുന്ന ഈ ഊർജ്ജത്തെ എല്ലാ ജീവനക്കാരിലേക്കും എത്തിക്കുക എന്നതാണ് ജനസൗഹൃദ വില്ലേജുകൾ എന്ന പദ്ധതിയുടെ സമീപനം.

സങ്കീർണ്ണമായ ധാരാളം പ്രവർത്തനങ്ങൾ സമയബന്ധിതമായി പലപ്പോഴും വില്ലേജ് ഓഫീസുകളിൽ കൈകാര്യം ചെയ്യേണ്ടി വരാറുണ്ട്. പൊതുജനങ്ങളുടെ ബാഹുല്യവും അതിനനുസരിച്ചുള്ള സൗകര്യങ്ങളുടെയും ജീവനക്കാരുടെയും കുറവുമൊക്കെ ഈ ഓഫീസുകളിൽ പൊതുവെ കാണപ്പെടുന്നു. ഇവ പലപ്പോഴും ജീവനക്കാരുടെ മാനസിക സമ്മർദ്ദം വർദ്ധിപ്പിക്കുന്നുണ്ട്. ജീവനക്കാരുടെ പരസ്പര സഹകരണമില്ലായ്മ, അവരുടെ വ്യത്യസ്ത താല്പര്യങ്ങൾ, അവർ തമ്മിലുള്ള മാനസിക പൊരുത്തക്കേടുകൾ, ചിലയിടങ്ങളിൽ കാണപ്പെടുന്ന അഴിമതി, കൈകാര്യം ചെയ്യുന്ന വിഷയങ്ങളെക്കുറിച്ച് ജീവനക്കാരുടെ അറിവില്ലായ്മ, പിന്തുടർന്നു വരുന്ന തെറ്റായ രീതികൾ, ആസൂത്രണമില്ലായ്മ ഇവയൊക്കെ വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട് ഇവയുടെ ഫലമായി ഉദ്യോഗസ്ഥർക്കുണ്ടാകുന്ന മാനസിക സമ്മർദ്ദവും (Stress), അവരുടെയും ഓഫീസിന്റെയും കാര്യക്ഷമതയെ ബാധിക്കുന്നു. വില്ലേജാഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പൊതു ജനങ്ങൾക്ക് മാന്യമായ പെരുമാറ്റവും സേവനവും പ്രധാനം ചെയ്യുന്ന ജനകീയ ഓഫീസുകളാക്കി അവയെ മാറ്റാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യപിച്ചിരിക്കുന്ന പദ്ധതിയാണ് ജനസൗഹൃദവില്ലേജ് എന്ന പരിശീലന പരിപാടി.

പശ്ചാത്തല സൗകര്യങ്ങളില്ലാത്തത് കൊണ്ടും നിയമത്തിന്റെ സങ്കീർണ്ണത കൊണ്ടും ഉണ്ടാകുന്ന തടസ്സങ്ങൾ ഒറ്റയടിക്ക് പരിഹരിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നില്ല. ഇവക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള

ബഹുമുഖ തന്ത്രങ്ങളാണ് (Multiple Strategic Approach) ആവശ്യം. ഈ മേഖലയിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഉദ്യോഗസ്ഥരുടെ തൊഴിൽ വൈദഗ്ധ്യമില്ലായ്മ കൊണ്ടും കൈകാര്യം ചെയ്യുന്ന വിഷയത്തിലെ അജ്ഞത കൊണ്ടും ശരിയായ മനോഭാവം ഇല്ലായ്മ കൊണ്ടും തൊഴിൽ വൈദഗ്ധ്യം ഉണ്ടെങ്കിലും ഓഫീസിന്റെ പ്രവർത്തന ലക്ഷ്യം നേടാൻ ജീവനക്കാർ പരസ്പരം സഹകരിക്കാത്തതുകൊണ്ടും കൃത്യമായ പ്ലാനിംഗ് ഇല്ലാത്ത തുകൊണ്ടും പൗരന് ലഭിക്കേണ്ട സേവനങ്ങളും അവകാശങ്ങളും ലഭിക്കാതെ പോകുകയോ അതിനു താമസം ഉണ്ടാകുകയോ ചെയ്യരുത് എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

## 9. ജില്ലാതല കമ്പ്യൂട്ടർ പരിശീലനം

റവന്യൂ വകുപ്പിൽ നിന്ന് പൊതുജന ങ്ങൾക്ക് ലഭിക്കുന്ന സേവനം കൂടുതൽ കാര്യക്ഷമമാകുന്നതിനായി സർക്കാർ പുതുതായി പ്രഖ്യാപിച്ചിരിക്കുന്ന ഇ - സർട്ടിഫിക്കറ്റുകൾ, യൂണിഫൈഡ് തണ്ട പ്പേർ നമ്പർ, ഓൺലൈൻ പോക്കുവരവ്, മറ്റു ഓൺലൈൻ സേവനങ്ങൾ തുടങ്ങി യവ ഫലപ്രദമായി നടപ്പിലാക്കുന്ന തിന്ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീ ലനം സമയബന്ധിതമായി നൽകേണ്ടതാ ണ്. റവന്യൂ - സർവ്വെ വകുപ്പുകളിൽ ആകെയുള്ള 20,000-ൽ അധികം ജീവന ക്കാരിൽ 20% ന് താഴെ ജീവനക്കാർക്ക് മാത്രമേ കമ്പ്യൂട്ടർ പരിശീലനം സിദ്ധിച്ചി ട്ടുള്ളു. നിലവിൽ ഐ.എൽ.ഡി.എം-ൽ ഒരു വർഷം 400 ജീവനക്കാർക്ക് മാത്ര മാണ് പരിശീലനം നൽകാൻ കഴിയുന്നത്. ആയതിനാൽ കൂടുതൽ ജീവന ക്കാർക്ക്കുറഞ്ഞ സമയത്തിനുള്ളിൽ പരി ശീലനം നൽകുന്നതിനായിജില്ലാതല കമ്പ്യൂട്ടർ പരിശീലനം ആരംഭിക്കേ ണ്ടതിന്റെ ആവശ്യകത പരിഗണിച്ച് 2013-14 ലെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് 3 ജില്ലാ കേന്ദ്ര ങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. കൂടുതൽ ജില്ലകളിലേക്ക് പരിശീ ലനം നടപ്പിലാക്കുന്നതിനായി ഈ വർഷം 3 കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. 2014-15 ലെ പ്ലാൻ ഫണ്ടിൽ 18ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഈ പരിശീലന ത്തിന്റെ പൂർത്തീകരണത്തിലൂടെ വില്ലേജ് ആഫീസുകളിലൂടെയും മറ്റ് റവന്യൂ ആഫീസുകളിലൂടെയും പൊതു സമൂഹ ത്തിന് ലഭിക്കുന്ന സേവനം കൂടുതൽ

സുതാര്യവും വേഗതയുള്ളതും കൃത്യത യുള്ളതും ആയി മാറും. അഴിമതിയുടെ അന്തരീക്ഷം ഒഴിവാക്കാനും ഇത് പ്രയോ ജനകരമായി മാറും.

## 10. പ്ലാൻ ഫണ്ട്

സംസ്ഥാന സർക്കാരിൽ നിന്നു ലഭിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ചാണ് ഐ.എൽ.ഡി.എം-ന്റെ പരിശീലന പരിപാ ടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത്.ഫണ്ടിന്റെ അപര്യാപ്തത കാരണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ പലപ്പോഴും കഴിഞ്ഞിരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് 560 ലക്ഷം രൂപയുടെ വിശദമായ ഒരു പദ്ധതിരൂപരേഖ തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുകയും ആയത് 2012 – 17 ലെ പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. 2012 മുതൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി വിഹിതം ഐ.എൽ.ഡി.എം ന് ലഭിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുക

സംസ്ഥാനത്തെ എല്ലാ റവന്യൂ ജീവനക്കാരിലേക്കും പരിശീലനം എത്തിക്കുന്നതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

ദേശീയ പരിശീലനനയത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ആറ്റിറ്റ്യൂഡിനൽ ട്രെയിനിംഗ് നൽകുക.

സംസ്ഥാനത്തെ എല്ലാ റവന്യൂ ജീവനക്കാരിലേക്കും സമയബന്ധിതമായി കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ജില്ലാതലങ്ങളിൽ ഐ.എൽ.ഡി.എം ന്റെ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

പരിസ്ഥിതി സൗഹൃദ കാമ്പസ് എന്ന ആശയം ഐ.എൽ.ഡി.എം ൽ നടപ്പിലാക്കുക.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വിനിയോഗിക്കുക.

ജല, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിൽ ഉത്തമ മാതൃക സൃഷ്ടിക്കുക.

പ്ലാൻ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏറെക്കുറെ പൂർത്തീകരിക്കാൻ ഫണ്ട് വിനിയോഗത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

## 10.1 പ്ലാൻ ഫണ്ട് 2011-12

2011-12 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഇനത്തിൽ മഴവെള്ള സംരംഭണ ത്തിനായി 13 ലക്ഷം രൂപയും, റവന്യൂ ഡിജിറ്റൽ ആർക്കൈവ്സ് സ്ഥാപിക്കാൻ 9 ലക്ഷം രൂപയും G.O(Rt) No. 3870/2011/DMD തീയതി 03-09-2011 പ്രകാരം അനുവദിച്ചു.

### ഡിജിറ്റൽ ആർക്കൈവ്സ്

റവന്യൂ വകുപ്പിലെ പല സുപ്രധാനരേഖകളുംകാലപ്പഴക്കം കൊണ്ടും ശരിയായി സംരക്ഷിക്കാത്തതു കൊണ്ടും നശിച്ചുപോകാനുള്ള സാധ്യത കണക്കിലെടുത്ത് അവയെ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കുന്നതിനായി ഐ. എൽ.ഡി.എമ്മിൽ ഒരു റവന്യൂ ഡിജിറ്റൽ ആർക്കൈവ്സ് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തുള്ള പദ്ധതിയാണിത്. 2011-12 പ്ലാൻ ഫണ്ടിനത്തിൽ ഇതിനായി 9 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കൈവ്സ് സ്ഥാപിക്കുന്നതിനുള്ള കരാർ സിഡിറ്റിന് നൽകുകയും Digital Imaging system, Server System, Scanning Unit എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ റവന്യൂ ഓഫീസുകളിൽ നിന്നും രേഖകൾ ലഭ്യമാക്കി ഡിജിറ്റലൈറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### മഴവെള്ള സംഭരണി

1289.52 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിനു മുകളിൽ റൂഫിംങ്ങ് നടത്തി അവിടെ നിന്നു ശേഖരിക്കുന്ന മഴവെള്ളം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ ജല ആവശ്യങ്ങൾക്കായി വിനിയോഗിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിനു മുകളിൽ റൂഫിംങ്ങ് നടത്തി 25000 ലിറ്റർ വീതമുള്ള മൂന്ന് ടാങ്കുകൾ നിർമ്മിച്ച് ആകെ 75000 ലിറ്റർ മഴവെള്ളം ഇപ്പോൾ സംഭരിക്കാൻ കഴിയുന്നുണ്ട്. ഈ ജലം കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിനായി ഒരു ജലസേചന പമ്പും സ്ഥാപിച്ചിട്ടുണ്ട്. 13 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരുന്നത്. ഈ തുക പൂർണ്ണമായും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## 10.2 പ്ലാൻ ഫണ്ട് 2012-13

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്ത നങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വികസിപ്പിച്ചതിലൂടെ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ കാലയള

വാണ് 2012-13. ജി. ഒ. (ആർ.ടി) നമ്പർ 4051/2012/ഡിഎംഡി, തീയതി 13-07-2012) പ്രകാരം 70 ലക്ഷം രൂപ 2012-13 പ്ലാൻ ഫണ്ടിനത്തിൽ 10 പദ്ധതികൾക്കായി അനുവദിച്ചു. ഐ.എൽ.ഡി.എം-ന്റെ മുഖ്യ കേന്ദ്രത്തിൽ മാത്രം നടത്തി വന്നി രുന്നപരിശീലനപരിപാടികൾ കൂടുതൽ ജീവനക്കാരിലേക്ക് എത്തിക്കുന്നതിനായി 14 ജില്ലകളിലും പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും വില്ലേജ് ജീവനക്കാ രിൽ നിന്നും സൗഹാർദ്ദപരമായ പെരു മാറ്റം ജനങ്ങൾക്ക് ലഭിക്കുന്നതിനായി ജീവനക്കാരുടെ മനോഭാവത്തെ കേന്ദ്രീ കരിച്ചുള്ള പരിശീലനം നൽകുന്ന ജനസൗഹൃദവില്ലേജുകൾ എന്ന പരിശീല നം ആരംഭിക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ കാമ്പസ് എന്ന ആശയത്തിന്റെ ഭാഗമായി ട്രീബാങ്ക്, ബയോഗ്യാസ്, സോളാർ എനർജി തുടങ്ങിയ പദ്ധതികളും ഈ കാലയളവിലാണ് നടപ്പിലാക്കിയത്. അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി ആധുനികസൗകര്യങ്ങളുള്ള ഡിജിറ്റൽ ക്ലാസ്സ്റൂം, ഫ്രണ്ട് ഓഫീസ് എന്നിവയും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

| No | Projects | Amount (in Lakhs) |
|---|---|---|
| I | **TACKLING CLIMATE CHANGE- ENERGY CONSERVATION AND REVEWABLE ENERGY** | |
| 1 | Tapping Solar Energy For light in ILDM campus | 20.00 |
| 2 | Energy Through Waste Management- Biogas | 4.00 |
| 3 | Tree Bank | 3.00 |
| II | **AUGMENTATION OF CAPACITY BUILDING ACTIVITIES** | |
| 1 | Concept of Jan Souhruda Village Offices | 7.00 |
| 2 | IGNOU-ILDM Community College | 2.00 |
| 3 | Alliance With Premier ATI/Management Institutes/ Universities | 18.75 |
| 4 | Decentralization of training programmes | 7.00 |
| 5 | International seminar on Land management/Disaster management / Climate Change/ Corpus Fund | 3.00 |
| 6 | Assistance for students for academic research project | 2.25 |
| III | **Disaster Management- Standard Operating Procedure (SOP)** | |
| 1 | SOP for Important Festivals | 1.50 |
| 2 | SOP for Chemical Disasters | 1.50 |
| | **Total** | **70.00** |

### 10.2.1. ജില്ലാതല പരിശീലനപരിപാടി

എല്ലാവർക്കും പരിശീലനം എന്ന ആശയം മുൻനിർത്തി ജില്ലകളിലെ റവന്യൂ ഉദ്യോഗസ്ഥർക്ക് അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ നിർബന്ധമായും പരിശീലനം ലഭിക്കണം എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണിത്. 2012-13 സാമ്പത്തികവർഷം 14 ജില്ലകളിലായി 106 ക്ലാസ്സുകളിലൂടെ 4240 പേർക്ക് പരിശീലനം നൽകാനാണ്

ലക്ഷ്യമിട്ടിരുന്നത്. 2013 മാർച്ച് വരെ 92 പരിശീലനങ്ങളിലായി 3496 ജീവനക്കാർക്കും തുടർന്നുവന്ന മാസങ്ങളിൽ 14 ക്ലാസ്സുകളിലായി 588 ജീവനക്കാർക്കും പരിശീലനം നൽകാൻ കഴിഞ്ഞു. ഇതിനായി വകയിരുത്തിയ 7 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്.

### 10.2.2 ജനസൗഹൃദവില്ലേജുകൾ പരിശീലനപരിപാടി

പൊതുസമൂഹം നിരന്തരം ബന്ധപ്പെടുന്ന വില്ലേജ് ഓഫീസിലെ ജീവനക്കാരിൽ നിന്നും സൗഹാർദ്ദപരമായ പെരുമാറ്റം ജനങ്ങൾക്ക് ലഭിക്കുന്നതിനായി ജീവനക്കാരുടെ മനോഭാവത്തെ കേന്ദ്രീകരിച്ചുള്ള പരിശീലനം നൽകാനാണ് ജനസൗഹൃദവില്ലേജുകൾ എന്ന പരിശീലനപരിപാടിയിലൂടെ വിഭാവനം ചെയിതിരുന്നത്. 2012 – 13 പ്ലാൻ ഫണ്ടിനത്തിൽ ഉൾപ്പെടുത്തി 86 ക്ലാസ്സുകളിലായി 3440 വില്ലേജ് ജീവനക്കാർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. 7 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിരുന്നത്. എന്നാൽ 2013 മാർച്ച് 31ന് മാത്രമാണ് ഈ ഫണ്ട് ഐ. എൽ. ഡി. എം ന് ലഭിച്ചത്. ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി ആരംഭിക്കുകയും 2012 – 13 ൽ 15 ക്ലാസ്സുകളിലായി 600 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി 95137 രൂപ ചെലവായിട്ടുണ്ട്. തുടർന്നുവന്ന മാസങ്ങളിൽ വിഭാവനം ചെയ്ത എല്ലാ ജീവനക്കാർക്കും പരിശീലനം നൽകാനും ഫണ്ട് വിനിയോഗം പൂർണ്ണമാക്കാനും കഴിഞ്ഞിട്ടുണ്ട്.

### 10.2.3. ട്രീ ബാങ്ക്



പരിസ്ഥിതിസൗഹൃദ കാമ്പസ് എന്ന ആശയത്തിന്റെ ഭാഗമായി ഐ. എൽ.ഡി.എം ൽ രണ്ടായിരത്തോളം വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. 2012-13 പ്ലാൻ ഫണ്ടിൽ 3 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരുന്നു. വിവിധ ഇനങ്ങളിലുള്ള 2000 ത്തിലേറെ ചെടികളും വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇവയുടെ

സംരക്ഷണത്തിനായി വളപ്രയോഗം, ഫെൻസിംഗ്, ജലസേചനത്തിനായി പമ്പ് സ്ഥാപിക്കൽ, മഴവെള്ളക്കുഴികളുടെ നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കായി 2.9 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

### 10.2.4. സോളാർ പവർ ഗ്രിഡ്



പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ പ്രയോജനപ്പെടുത്താനും ഐ.എൽ.ഡി. എം-ലെ വൈദ്യുതബില്ലിൽ കുറവ് വരുത്താനും വിഭാവനം ചെയ്ത പദ്ധതിയാണിത്. സോളാർ സംവിധാനം സ്ഥാപിക്കുന്നതിനായി 2012-13 പ്ലാൻ ഫണ്ടിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ 15 കി.വാട്ട് ശേഷിയുള്ളതും എക്സിക്യൂട്ടീവ് ഹോസ്റ്റലിൽ 3 കി.വാട്ട് ശേഷിയുള്ളതുമായ സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.ഈ സംവിധാനം നടപ്പിലാക്കിയതിലൂടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ശരാശരി 60% ലഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി വൈദ്യുതി ഉപയോഗത്തിൽ വലിയ കുറവ് വരുത്താനും കഴിഞ്ഞിട്ടുണ്ട്. പദ്ധതിക്കായി 1316844 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തി ക്കുകയും വൈദ്യുതി ഉപഭോഗത്തിൽ വളരെ കുറവുണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ പ്ലാൻ ഫണ്ടിനത്തിൽ ബാക്കി നിൽക്കുന്ന് തുക ഉപയോഗിച്ച് ഐ.എൽ.ഡി.എംലെ മറ്റു കെട്ടിടങ്ങളിൽകൂടി സോളാർ പവർഗ്രിഡ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| നം | മാസം | തുക |
|---|---|---|
| 1 | സെപ്തംബർ - 13 | 10013 |
| 2 | ഒക്ടോബർ - 13 | 8319 |
| 3 | നവംബർ - 13 | 9252 |
| 4 | * ഡിസംബർ - 13 | 10171 |
| 5 | ജനുവരി - 14 | 4490 |
| 6 | ഫെബ്രുവരി - 14 | 5262 |
| 7 | മാർച്ച് - 14 | 4592 |

* 06-12-2013 ന് സോളാർ സംവിധാനം സ്ഥാപിച്ചു.



### 10.2.5. ബയോഗ്യാസ്



പ്രതിദിനം 200 പരിശീലനാർത്ഥികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന ക്യാന്റീൻ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയായിരുന്നു ഇത്. 2012-13 പ്ലാൻ ഫണ്ടിൽ ഇതിനായി 4 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഐ.എൽ.ഡി.എം-ലെ ക്യാന്റീനോടനുബന്ധിച്ച് പ്രതിദിനം 50 കി.ഗ്രാം ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ദീനബന്ധു മോഡൽ ബയോ ഗ്യാസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. 1.09 ലക്ഷം രൂപയ്ക്ക് ഗ്രീൻടെക് എന്ന സ്ഥാപനമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഓടകളുടെ നിർമ്മാണം, മാലിന്യ സംസ്കരണകുഴികൾ, ടാങ്കുകളുടെ വൃത്തിയാക്കൽ, പരിസര ശുചീകരണം എന്നിവയും നടത്തിയിട്ടുണ്ട്. പദ്ധതിതുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

**ദേശീയ അന്തർദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള വൈജ്ഞാനിക സഹകരണം**

ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായി ഐ.എൽ.ഡി.എം-നെ മാറ്റുക എന്ന ലക്ഷ്യത്തോടെ ദേശീയ സ്ഥാപനങ്ങളുമായി സാങ്കേതികമായും വൈജ്ഞാനിക സഹകരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിന് 18.75 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നു.

### 10.2.6. സ്മാർട്ട് ക്ലാസ്റൂം (ചന്ദ്രഗിരി)



അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത തുക ഉപയോഗിച്ച് 104-ാം നമ്പർ മുറിയിൽ ഡിജിറ്റൽ ബോർഡ് തുടങ്ങിയ സൗകര്യങ്ങളുള്ള ഒരു ഡിജിറ്റൽ ക്ലാസ്റൂം നിർമ്മിച്ചിട്ടുണ്ട്. റവന്യു സർവ്വെ പരിശീലനങ്ങൾ ദുരന്ത

ലഘൂകരണ പരിശീലനവും ദേശീയ നില വാരത്തിൽ നടത്തുന്നതിനും ദേശീയ തല ത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കു ന്നതിനും (ചന്ദ്രഗിരി) സ്മാർട്ട് ക്ലാസ്റൂമിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**10.2.7. അസിസ്റ്റൻസ് ടു സ്റ്റുഡൻസ് പ്രോജക്ട്**

സംസ്ഥാനതലത്തിൽ സ്കൂൾ, കോളേജ്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ദുരന്താഘാത ലഘൂകരണ മേഖലയിൽ മികച്ച ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം നൽകാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഇതിനായി 2012-13പ്ലാൻ ഫണ്ടിൽ 2.25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിവിധ സ്കൂളുകളിൽ നിന്നും ലഭിച്ച 32 പ്രോജക്ട് പ്രൊപ്പോസലുകളിൽ നിന്നും തിരഞ്ഞെടുത്ത 15 മികച്ച പ്രോജക്ടുകൾക്കും, കോളേജ്, എഞ്ചിനീയറിംഗ് കോളേജ്തലത്തിൽ കിട്ടിയ 4 പ്രോജക്ട് പ്രൊപ്പോസലുകൾക്കും പാരിതോഷികം നൽകുകയുണ്ടായി.

**10.2.8. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ**

കേരളത്തിൽ വിവിധതരത്തിലുള്ള ദുരന്തങ്ങൾ ഉണ്ടായിക്കൊണ്ടിക്കുന്ന പശ്ചാത്തലത്തിൽ ഓരോ തരത്തിലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും അനുവർ ത്തിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യം പരിഗണിച്ച് ഉത്സവാഘോഷ ങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദുരന്തങ്ങളുടെ ആഘാത ലഘൂകരണ ത്തിനുള്ള സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും രാസ ദുരന്തങ്ങൾ ഉണ്ടായാൽ ആഘാത ലഘൂകരണത്തിനുള്ള ചെയ്യേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ ക്രോഡീകരി ക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതി യാണിത്. ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ട് ഈ രണ്ട് എസ്.ഒ.പികൾ ത യ്യാറാക്കാൻ 2012-13-ൽ പ്ലാൻ ഫണ്ടിന ത്തിൽ 3 ലക്ഷം രൂപ ലഭിച്ചിരുന്നു.

**ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദുരന്തങ്ങളുടെ ആഘാത ലഘൂകരണത്തിനുള്ള സുരക്ഷാ മാനദണ്ഡങ്ങൾ**

സ്ത്രീ ഭക്തജനങ്ങൾ ഏറ്റവും കൂടുതൽ പങ്കെടുക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ചും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുംഉണ്ടാകാ ൻ സാധ്യതയുള്ള ദുരന്തങ്ങൾ ഒഴിവാക്കാനും കൈകാര്യം ചെയ്യാനും

ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യറാക്കാൻ ലക്ഷ്യമിട്ടിരുന്നു. ഐ.എൽ.ഡി.എം ലെ ഡി.എം വിഭാഗത്തിമാണ് എസ്.ഒ.പി നിർമ്മാണപ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്തത്.ഇതിന് വേണ്ടി 1.5 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 1.33 ലക്ഷം രൂപ ചെലവായിട്ടുണ്ട്. റിപ്പോർട്ട് ഇതു വരെ ഡി.എം വിഭാഗത്തിൽ നിന്ന് സമർപ്പിച്ചിട്ടി ല്ല.

### രാസദുരന്തങ്ങളുടെ ആഘാത ലഘൂകരണത്തിനുള്ള സുരക്ഷാ മാനദണ്ഡങ്ങൾ

രാസദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജർ തയ്യാറാ ക്കാനായി 1.5 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് ബൃഹത്തായ ഫീൽഡുതല വിവരശേഖരണം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അവലോകന യോഗങ്ങളും സംഘടിപ്പിച്ചു. ഇവയെ ആസ്പദമാക്കി സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജർ തയ്യാറാക്കി വരുന്നതായി ഡിഎം വിഭാഗത്തിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് വേണ്ടി 1.37 ലക്ഷം രൂപ ചെലവായിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ഇതു വരെ ഡി.എം വിഭാഗ ത്തിൽ നിന്ന് സമർപ്പിച്ചിട്ടില്ല.

## 10.3. പ്ലാൻ ഫണ്ട് 2013-14

2013-14 പ്ലാൻ ഫണ്ടിൽ പരിശീലന പരി പാടികൾ, അടിസ്ഥാന സൗകര്യ വികസ നം, ദുരന്തനിവാരണം എന്നീ വിഭാഗങ്ങളിലെ 10 പദ്ധതികൾക്കായി 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2013 മാർച്ച് 31ന് മാത്രമാണ് ഈ ഫണ്ട് ഐ. എൽ. ഡി. എം ന് ലഭിച്ചത്. ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് പരിശീലനപദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടപടികൾ പൂർത്തിയാക്കി വരുന്നു.

ജില്ലാതല പരിശീലന പരിപാടി കൾ, ജനസൗഹൃദ വില്ലേജുകൾ തുടങ്ങി സ്ഥിരമായി നടത്തി വരുന്ന പരിശീലന പരിപാടികൾക്ക് പുറമെ ജില്ലകൾ കേന്ദ്രീ കരിച്ച് വികേന്ദ്രീകൃത കമ്പ്യൂട്ടർ പരിശീ ലനം, ഐ.എൽ.ഡി.എം-ലെ പരിശീലന പരിപാടികൾ, റവന്യൂ ഗൈഡ്, റവന്യൂ വാർത്ത, ലൈബ്രറി നവീകരണം തുടങ്ങിയ പദ്ധതികളും 2013-14 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്നു.

### 10.3.1. ജില്ലാതല പരിശീലനപരിപാടി

2012-13 സാമ്പത്തികവർഷം പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി ആരംഭിച്ച ജില്ലാതല പരിശീലനപരിപാടി സമ്പൂർണ്ണ വിജയമായിരുന്നു. തുടർപരിശീലനം അനിവാര്യമായതിനാൽ 2013-14ലെ പ്ലാൻ ഫണ്ടിലും ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നു. 106 ക്ലാസ്സു കളിലൂടെ 4240 പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. 2013 മാർച്ച് വരെ 132 പരിശീലനങ്ങളിലായി 5280 ജീവനക്കാർക്ക് പരിശീലനം നൽകാൻ കഴിഞ്ഞു. ഇതിനായി വകയിരുത്തിയ 8 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്.

### 10.3.2. ജനസൗഹൃദവില്ലേജുകൾ പരിശീലനപരിപാടി

പൊതുസമൂഹം നിരന്തരം ബന്ധപ്പെടുന്ന വില്ലേജ് ഓഫീസിലെ ജീവനക്കാരിൽ നിന്നും സൗഹാർദ്ദപരമായ പെരുമാറ്റം ജനങ്ങൾക്ക് ലഭിക്കുന്നതിനായി ജീവനക്കാരുടെ മനോഭാവത്തെ കേന്ദ്രീകരിച്ചുള്ള പരിശീലനം നൽകാനാണ് ജനസൗഹൃദവില്ലേജുകൾ എന്ന പരിശീലനപരിപാടിയിലൂടെ വിഭാവനം ചെയിതിരുന്നത്. 2012 - 13 പ്ലാൻ ഫണ്ടിനത്തിൽ ഉൾപ്പെടുത്തിയിരുന്ന ഈ പദ്ധതി വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് 2013 - 14 ലും പദ്ധതി തുടരാൻ തീരുമാനിച്ചു. 5 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിരുന്നത്. എന്നാൽ 2013 മാർച്ച് 31ന് മാത്രമാണ് ഈ ഫണ്ട് ഐ. എൽ. ഡി. എം ന് ലഭിച്ചത്. ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി ആരംഭിക്കുകയും 2013 - 14 ൽ 45 ക്ലാസ്സുകളിലായി 1850 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി 280766 രൂപ ചെലവായിട്ടുണ്ട്. തുടർന്നുവന്ന മാസങ്ങളിൽ വിഭാവനം ചെയ്ത എല്ലാ ജീവനക്കാർക്കും പരിശീലനം നൽകാനും ഫണ്ട് വിനിയോഗം പൂർണ്ണമാക്കാനും കഴിയും.

### 10.3.3. ജില്ലാതല കമ്പ്യൂട്ടർ പരിശീലനം

റവന്യൂ വകുപ്പിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം കൂടുതൽ കാര്യക്ഷമമാകുന്നതിനായി സർക്കാർ പുതുതായി പ്രഖ്യാപിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കമ്പ്യൂട്ടർ വത്ക്കരണം, യൂണിഫൈഡ് തണ്ടപ്പേർ നമ്പർ, ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഫലപ്രദ

മായി നടപ്പിലാക്കുന്നതിന്ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം സമയബന്ധിതമായി നൽകേണ്ടതാണ്. റവന്യൂ - സർവ്വെ വകുപ്പുകളിൽ ആകെയുള്ള 20,000-ൽ അധികം ജീവനക്കാരിൽ 20% ന് താഴെ ജീവനക്കാർക്ക് മാത്രമേ കമ്പ്യൂട്ടർ പരിശീലനം സിദ്ധിച്ചിട്ടുള്ളു. നിലവിൽ ഐ. എൽ.ഡി.എം-ൽ ഒരു വർഷം 400 ജീവനക്കാർക്ക് മാത്രമാണ് പരിശീലനം നൽകാൻ കഴിയുന്നത്. ആയതിനാൽ കൂടുതൽ ജീവനക്കാർക്ക്കുറഞ്ഞ സമയത്തിനുള്ളിൽ പരിശീലനം നൽകുന്നതിനായിജില്ലാതല കമ്പ്യൂട്ടർ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് ഇതിനായി പദ്ധതി തയ്യാറാക്കുകയും 2013-14 പ്ലാൻ ഫണ്ടിൽ ₹ 18 ലക്ഷം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 3 ജില്ലാ കേന്ദ്രങ്ങളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ജില്ലകളിലേക്ക് പരിശീലനം നടപ്പിലാക്കുന്നതിനായി ഈ വർഷം 3 കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ പരിശീലനത്തിന്റെ പൂർത്തീകരണത്തിലൂടെ വില്ലേജ് ആഫീസുകളിലൂടെയും മറ്റ് റവന്യൂ ആഫീസുകളിലൂടെയും പൊതു സമൂഹത്തിന് ലഭിക്കുന്ന സേവനം കൂടുതൽ സുതാര്യവും വേഗതയുള്ളതും കൃത്യതയുള്ളതും ആയി മാറും. അഴിമതിയുടെ അന്തരീക്ഷം ഒഴിവാക്കാനും ഇത് പ്രയോജനകരമാവും.

### 10.3.4. റവന്യൂ-സർവ്വെ ജീവനക്കാർക്കായുള്ള ഇൻസർവ്വീസ് പരിശീലനം

